# 57

# അന്യഭാഷാ സംസാരം

# (19:6)

പ്രവൃത്തികളുടെ പുസ്തകത്തിൽ അത്ഭുതകരമായ അന്യഭാഷാ - സംസാരത്തെ കുറിച്ച് അവസാനമായി പറഞ്ഞിരിക്കുന്നത് പ്രവൃത്തികൾ 19:6 ലാണ്. ഈ പ്രക്രിയയെക്കുറിച്ചും ഇതിനോടു ബന്ധപ്പെട്ട കാര്യങ്ങളെയും കുറിച്ചു പറയുവാനുള്ള പറ്റിയ സമയം ഇതായിരിക്കാം.

അനേകം വർഷങ്ങളായി, പെന്തെകൊസ്തുകാർ എന്നൊരു പ്രസ്ഥാനം, പുതിയ നിയമ അത്ഭുതങ്ങൾ ഇന്നും നടക്കുന്നതായി പഠിപ്പിക്കുന്നുണ്ട്. അടുത്ത വർഷങ്ങളിൽ മാത്രമാണ് "കരിസ്മാറ്റിക്" പ്രസ്ഥാനം അല്ലെങ്കിൽ "നിയോ - പെന്റെകൊസ്റ്റലിസം" എന്നതു നാമധേയ പരിമിതികൾ ലംഘിച്ചു നീങ്ങാൻ തുടങ്ങിയത്.

ഈ അത്ഭുതങ്ങളോടുള്ള ആഗ്രഹത്തിന് അവരെ പ്രേരിപ്പിച്ച ഘടകങ്ങൾ ഒരുപക്ഷേ അസംഖ്യം ആകാം. ആ ഘടകങ്ങളിൽ (1) അനേകം "വ്യവസ്ഥാപിത" സഭകളുടെ ഔപചാരികമായ തണുത്ത പോക്കിനോടുള്ള പ്രതികരണം, (2) (വിശ്വാസത്താൽ നടക്കുന്നതിനു പകരം കാഴ്ചയാൽ നടക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു എന്നു തോന്നൽ; 2 കൊരിന്ത്യർ 5:7 നോക്കു), (3) ബൈബിളിനെ വിവിധ രീതിയിൽ ആക്രമിക്കപ്പെടുന്നതിനോടുള്ള പ്രതികരണം. (മനുഷ്യൻ *എന്തിലെങ്കിലും* വിശ്വസിക്കണം; ബൈബിളിൽ ആശ്രയിക്കാൻ കഴിയുന്നില്ലെങ്കിൽ, അത്ഭുതങ്ങളിലേക്കു തിരിയും എന്ന തോന്നൽ.)

അതുമായി ബന്ധപ്പെട്ട് വളർന്നു വന്ന കരിസ്മാറ്റിക് പ്രസ്ഥാനം. "അന്യഭാഷാ സംസാരത്തിന്" അല്ലെങ്കിൽ "ഗ്ലോസലാലിയാ" ഊന്നൽ കൊടുക്കുന്നു. "ഗ്ലോസലാലിയ" എന്നതു ഗ്രീക്കു വാക്കുകൾകൊണ്ട് ഉണ്ടാക്കിയത് "ടങ്" എന്നതു. "സംസാരം" എന്നർത്ഥമാക്കുന്നതുമായ ഗ്രീക്കുവാക്കുകൾ.

വീണ്ടും, ഈ അത്ഭുത വരത്തെ ഊന്നൽ കൊടുത്തിരിക്കുന്നതിന് ഒരുപക്ഷേ അസംഖ്യം കാരണങ്ങൾ ഉണ്ടാകാം: (1) തലമുറകൾക്കു മുൻപുണ്ടായിരുന്ന പെന്തെകൊസ്തുകാരുടെ സ്വഭാവത്തേക്കാൾ അന്യഭാഷാസംസാരം "കൂടുതൽ പരിഷ്ക്കരിച്ചിരിക്കുന്നു." (2) രോഗശാന്തി,

പാമ്പിനെ പിടിച്ചെടുക്കൽ, മരിച്ചവരെ ഉയിർപ്പിക്കൽ, എന്നിവയേക്കാൾ എളുപ്പം ചെയ്യാൻ കഴിയുന്നതാണ് അന്യഭാഷാസംസാരം.

ഇന്ന് അന്യ - ഭാഷാ സംസാരത്തിനു ശ്രദ്ധിക്കത്തക്ക പരിഗണന കൊടുത്തു വരുന്നുണ്ടെങ്കിലും, പുതിയ നിയമത്തിൽ ഇതിനെ സൂചിപ്പിക്കുന്ന അഞ്ചു വാക്യങ്ങളേ ഉള്ളു. യേശു അന്യഭാഷ സംസാരിച്ചിട്ടില്ല. ശിഷ്യന്മാർ അവനോടു പ്രാർത്ഥിക്കാൻ പഠിപ്പിക്കണം എന്നാവശ്യപ്പെട്ടപ്പോൾ, അവൻ "ഒരു പ്രത്യേക പ്രാർത്ഥന" പഠിപ്പിച്ചില്ല, എന്നാൽ ഈവ്വണ്ണം പ്രാർത്ഥിപ്പിൻ എന്നു പറഞ്ഞു: "ഞങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കുമാറാകേണമേ ..." (മത്തായി 6:9).

ഈ അഞ്ചു വാക്യങ്ങളെക്കുറിച്ച് നിങ്ങളുടെ പഠനത്തിൽ സഹായിക്കുവാനായി, ഒരു ചാർട്ട് ഞാൻ തയ്യാറാക്കിയിട്ടുണ്ട്. ഒരു നിമിഷം എടുത്ത് ഈ പാഠത്തിലെ അന്യ - ഭാഷയിൽ സംസാരിക്കൽ എന്ന ചാർട്ട് നോക്കുക. ആ ചാർട്ടിലെ ഇടതു വശത്തായി അഞ്ചു പ്രധാന ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതു ശ്രദ്ധിക്കുക, ഉത്തരം വ്യത്യസ്ത വാക്യങ്ങൾ കൊടുത്തിട്ടുള്ളതിലുണ്ട്. എവിടെ ഒന്നുമില്ലാതിരിക്കുന്നുവോ ആ വാക്യത്തിൽ പ്രത്യേക അർത്ഥം ഇല്ല എന്നർത്ഥം - അതുകൊണ്ട് ചോദ്യങ്ങൾക്ക് ഉത്തരം വാക്യങ്ങളിൽ കണ്ടെത്തണം. ചാർട്ടിനു ശേഷം ചില വിവരണക്കുറിപ്പുകളും കാണാം.

ഓരോ വാക്യത്തിലും കാണാവുന്ന ഗ്രീക്കു വാക്ക് *ഗ്ലോസാ* എന്നതിന്റെ അർത്ഥം വെറും "ഭാഷ" എന്നാണ്. ചില തർജ്ജിമക്കാർ അവരുടെ പുസ്തകം വായിച്ചു കിട്ടിയ വാക്കായ "എക്സ്മാറ്റിക് അട്ടെറൻസസ്" ചില വാക്യങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്; പക്ഷേ അതിനു വേറെ ഗ്രീക്കു വാക്കാണ് "എക്സ്റ്റാറ്റിക്" എന്നു, ആ വാക്ക് ഒരിക്കലും വരത്തെ വിശദമാക്കാൻ ഉപയോഗിച്ചിട്ടില്ല.

രണ്ടാമത് ഒരു ചാർട്ട്, ഇന്നത്തെ ഗ്ലോസാലിയും പുതിയ നിയമത്തിലെ അന്യഭാഷാ സംസാരവും താരതമ്യം ചെയ്യുവാൻ, ഈ പാഠത്തിൽ തന്നെയുള്ളതു നോക്കുക.

## ചാർട്ടിനെക്കുറിച്ചുള്ള കുറിപ്പുകൾ

ചാർട്ടിലെ മിക്ക വിവരങ്ങളും സ്വയം - വിശദീകരിക്കുന്നതാണെങ്കിലും, പല വാക്കുകളെ സംബന്ധിച്ചു ഒരുപക്ഷേ വിശദീകരണം ആവശ്യമായേക്കാം. ആ വാക്യങ്ങൾ കണ്ടെത്താൻ നിങ്ങളെ സഹായിക്കുന്നതിനു, "A," "B," "C," തുടങ്ങിയ അക്ഷരങ്ങൾ കൊടുത്തിട്ടുണ്ട്, എന്നാൽ ചാർട്ടിനു മുകളിൽ "1," "2," "3," തുടങ്ങിയ അക്കങ്ങളും. "1-A" വരുന്നതു "1. മർക്കൊസ് 16:14-20" ഉം "A-ന്ത്?"; "5-C" എന്നതു "5. 1 കൊരിന്ത്യർ 12-14" ഉം "C. എങ്ങനെ കിട്ടി?"; മുതലായവ. എന്റെ ചുരുങ്ങിയ വിവരണങ്ങളിൽ, ഞാൻ ചതുരത്തിൽ വലിയ അക്ഷരമാണ് ഉപയോഗിച്ചിട്ടുള്ളത്.

1-A. അന്യഭാഷ സംസാരത്തെ സംബന്ധിച്ച് യേശു ***ഒരു* വാഗ്ദാനമേ** നല്കിയിട്ടുള്ളു. അതുകൊണ്ട് ഏതു "അന്യഭാഷയിലെ സംസാരമായാലും" വേദഭാഗത്ത് അതിന്റെ അർത്ഥം വരുമെന്നാണ്, അർത്ഥം കൊടുത്തിട്ടില്ലാത്ത വേദഭാഗത്തും അതാണ് അർത്ഥം.

1-B. എല്ലാ വിശ്വാസികൾക്കും *എല്ലാ* വരങ്ങളും യേശു വാഗ്ദാനം ചെയ്തിട്ടില്ല എന്ന് മിക്കവാറും എല്ലാവരും സമ്മതിക്കും. ചില യോഗ്യതകൾ വേണം. (മർക്കൊസ് 16:14–20–ൽ സന്ദർഭത്തിൽ ഉടനെ, വാഗ്ദാനം അപ്പൊസ്തലന്മാർക്കെന്ന് പറയുന്നു.) ചാർട്ടിൽ, **ചില വിശ്വാസികൾക്ക്** ആണ് അന്യഭാഷയിൽ സംസാരം വാഗ്ദാനം ചെയ്തതു എന്നുള്ളതു ശ്രദ്ധിക്കുക. അതേ നിരയിലെ വലത്തെ ചതുരങ്ങളിൽ എങ്ങനെയുള്ള വിശ്വസിച്ചവർക്കാണ് അതു കിട്ടിയത് എന്നു സൂചിപ്പിക്കുന്നു.

1-E. അന്യഭാഷയിൽ സംസാരിക്കുന്നതിനു ഉപയോഗിച്ച അതേഭാഷ തന്നെയാണ് മരണകരമായതു കുടിക്കുന്നതിനും ഉപയോഗിച്ചിരിക്കുന്നത്. അക്കാരണത്താൽ, അന്യഭാഷയിൽ സംസാരിക്കുന്നതിനുള്ള വരം, **മരണകരമായതു കുടിക്കുന്നതുവരെ നീണ്ടുനില്ക്കും** (ഒരു ദോഷവും സംഭവിക്കയില്ല).

2-B. **അപ്പൊസ്തലന്മാർക്കു** മാത്രമാണ് ഈ വരം ലഭിച്ചതെന്നതിനു തെളിവ് "പ്രവൃത്തികളുടെ പുസ്തകം, 1–ാം" ലക്കത്തിൽ കാണുന്ന പ്രവൃത്തികൾ 2 ന്റെ നോട്ടുകൾ നോക്കുക.

2-E. പ്രവൃത്തികൾ 2 ലെ എല്ലാ അത്ഭുത പ്രദർശനങ്ങളും (കൊടിയ കാറ്റും, അഗ്നിജ്വാല പോലെയുള്ള നാവുകൾ, അന്യഭാഷയിലുള്ള സംസാരം) ഒരേ ഉദ്ദേശത്തിനായിരുന്നു (വാക്യം 33). ഒന്നു പുനസ്ഥാപിച്ചാൽ, എല്ലാം പുനസ്ഥാപിക്കപ്പെടും. അതുകൊണ്ട്, അന്യഭാഷയിൽ സംസാരിക്കുന്ന പ്രത്യേക ദർശനം **എത്രത്തോളം കൊടിയ കാറ്റും അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവും** പ്രത്യക്ഷമാകുന്നുവോ അതുവരെ യായിരിക്കും എന്നാണ് ഞാൻ വിശ്വസിക്കു ന്നത് (ചിലർ പ്രവൃത്തികൾ 2:38 ന്റെ അവസാനഭാഗം അന്യഭാഷാ വരത്തെപ്പറ്റി പറയുന്നു എന്നാണ് ധരിച്ചിരിക്കുന്നത്, പക്ഷേ അതങ്ങനെയല്ല *പ്രവൃത്തികൾ 1–ാം ലക്കത്തിലെ* പ്രവൃത്തികൾ 2:38 ന്റെ നോട്ടുകൾ നോക്കുക).

3-A. കൊർന്നെല്യോസും ഭവനവും **പഠിച്ചിട്ടില്ലാത്ത ഭാഷയിൽ** സംസാരിച്ചു എന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല, കാരണം പെന്തെകൊസ്തുനാളിൽ അപ്പൊസ്തലന്മാർക്കു ലഭിച്ച *അതേ* ദാനം തന്നെയാണ് അവർക്കു ലഭിച്ചതെന്നു പത്രൊസ് പറയുന്നുണ്ട്.

3-E. കൊർന്നെല്യോസിന്റെ പരിവർത്തനത്തിൽ, ദൈവം ദൂതന്റെ സന്ദർശനങ്ങളും, ദർശനങ്ങളും, അന്യഭാഷാ സംസാരവും അവന്റെ ഉദ്ദേശം നടപ്പാക്കുവാൻ നടത്തുന്നുണ്ട്. ("പ്രവൃത്തികൾ, 2–ാം" ലക്കത്തിലെ കൊർന്നെല്യോസിന്റെ പരിവർത്തനത്തിന്റെ ആരംഭത്തിലെ, നോട്ടുകൾ നോക്കുക.) ഈ അത്ഭുത പ്രദർശനത്തിലെ ഒന്നു നാം എടുക്കുകയാണെങ്കിൽ, മറ്റുള്ളവയും എടുക്കണം. **ദൂതന്മാരുടെ സന്ദർശനങ്ങളും ദർശനങ്ങളും** എത്രകാലം നീണ്ടു നില്ക്കുമോ അത്രയും കാലമേ അന്യഭാഷാസംസാരവും നീണ്ടു നില്ക്കുകയുള്ളു. ഇതിന്റെ പ്രാധാന്യം അറിയുവാൻ, അടുത്ത നോട്ട് നോക്കുക.

4-E. പന്ത്രണ്ട് പുരുഷന്മാരുടെ മേൽ പൗലൊസ് കൈവെച്ചപ്പോൾ, "പരിശുദ്ധാത്മാവു അവരുടെ മേൽ വന്നു അവർ അന്യഭാഷകളിൽ സംസാരിക്കയും *പ്രവചിക്കയും* ചെയ്തു" (പ്രവൃത്തികൾ 19:6; എംഫസിസ് മൈൻ). അതുകൊണ്ട് ഞാൻ പറയുന്നതു അന്യഭാഷാ – സം

സാരം **നീണ്ടു പോകുന്നതു പ്രവചനം വരെ (ദൈവശ്വാസിയ വെളിപ്പാട്)**. അന്യഭാഷാവരം ഇന്നുണ്ടെന്നു വിശ്വസിക്കുന്നവർ, പിന്നെ – യോജിപ്പുള്ളതാകുവാൻ – അതിനു പുറമേ, തുടർച്ചയായ വെളിച്ചപ്പാടിലും, ഉദാഹരണമായി കത്തോലിക്കർ, മോർമോൻസ്, അനുഭവത്തിൽ, അന്യഭാഷയിൽ സംസാരിക്കുന്നതു എന്നവകാശപ്പെടുന്നവർ ബൈബിളിൽ ആതുരസേവനവാരം നടത്തുകയാണ്, അധികമായി അവർ പ്രസ്ഥാനത്തിൽ നിലനില്ക്കയാണ് (ബൈബിളിലെ വസ്തുനിഷ്ഠമായ ഉപദേശങ്ങളിൽ അവർ കുറച്ച് മാത്രം ആശ്രയിക്കയും, മാനസിക വികാരങ്ങളിൽ അവർ കൂടുതൽ ആശ്രയിക്കയും ചെയ്യുന്നു).

5-A. ഈ ചതുരം ഒന്നും എഴുതാതെ വിട്ടിരിക്കയാണ് കാരണം അന്യഭാഷ 1 കൊരിന്ത്യർ 12-14 വരെ നിർവ്വചിച്ചിട്ടില്ല. (ലൂക്കൊസിന്റെ വായനക്കാർക്ക് നിർവ്വചനം ആവശ്യമായിരുന്നു, പക്ഷേ കൊരിന്ത്യർക്ക് ആവശ്യമില്ലായിരുന്നു.) കെ.ജെ.വി യിൽ "അറിഞ്ഞിട്ടില്ലാത്ത ഭാഷ" എന്നാണ്, എന്നാൽ "അറിഞ്ഞിട്ടില്ലാത്ത" എന്ന വാക്ക് മൂലഗ്രന്ഥത്തിലില്ല; അതിൽ വെറും *ഗ്ലോസാ* എന്നേയുള്ളു. പ്രവൃത്തികൾ 2 ലേതും 10 ലേതും അന്യഭാഷ തന്നെയാണ് 1 കൊരിന്ത്യർ 12-14 ലേത് (അതായത്, അവർ പഠിച്ചിട്ടില്ലാത്തതും അന്നുണ്ടായിരുന്നതുമായ ഭാഷ).

5-B. 1 കൊരിന്ത്യർ 12-ൽ എല്ലാവരിലും ഒരേ വരമല്ല ഉള്ളത് എന്നു പൗലൊസ് ഊന്നിപറയുന്നു. അതുകൊണ്ട് **കൊരിന്തിൽ ചിലർക്കു മാത്രമേ** അന്യഭാഷയിൽ സംസാരിക്കുവാനുള്ള വരം ഉണ്ടായിരുന്നുള്ളു എന്ന് വ്യക്തം.

5-C. ഒന്നു കൊരിന്ത്യർ 12-14 പഠിപ്പിക്കുന്നത് അന്യഭാഷ നല്കിയത് **"ആത്മാവിനാലാണ്,"** അതിന്റെ **വിശദാംശങ്ങൾ നല്കിയിട്ടില്ല**. മറ്റു വാക്യങ്ങളിൽ നിന്നു, **പരിശുദ്ധാത്മ സ്നാനത്താലോ** (2-C) അല്ലെങ്കിൽ **അപ്പൊസ്തലന്മാരുടെ കൈവെപ്പിനാലോ ആണ്** (4-C) ലഭിക്കുന്നതെന്നു നാം മനസിലാക്കുന്നു. അതുകൊണ്ട്, ഈ പരമ്പരയിലെ കഴിഞ്ഞ പാഠങ്ങൾ നാം ശ്രദ്ധിച്ചതുപോലെ, ഈ വരം ലഭിക്കുന്നതിനുള്ള മുഖാന്തരം നമുക്കു ലഭ്യമല്ല.

5-D. 14:23-ൽ പറഞ്ഞ "അവിശ്വാസികൾ" എന്നതു ഒന്നുകിൽ അവിശ്വാസികളായ യെഹൂദന്മാരോ അല്ലെങ്കിൽ അവിശ്വാസികളായ ക്രിസ്ത്യാനികളോ ആകാം. 14:21-ൽ പൗലൊസ് പറഞ്ഞതു യെശയ്യാവ് 28-ൽ നിന്നുമാണ്, അവിടെ പ്രവാചകൻ പറഞ്ഞതു അശൂര്യരുടെ വരവ് ഇസ്രായേലിലെ അവിശ്വാസികൾക്കു ഒരു അടയാളമായിരിക്കും എന്നാണ് (അതായതു, അവിശ്വാസികളായ ദൈവമക്കൾ). (അതെ, ദൈവമക്കൾക്ക് ദൈവത്തിൽ വിശ്വസിക്കുന്നതിൽ പരാജയപ്പെടാം.) 1 കൊരിന്ത്യർ 14-ൽ, അന്യഭാഷാവരം ഒരുപക്ഷേ **അവിശ്വാസികളായ** ക്രിസ്ത്യാനികൾക്ക് ഒരു **"അടയാളം"** ആകാം, അവിശ്വാസികളായ യെഹൂദന്മാർക്കു അതൊരു അടയാളമാണെന്ന് പൗലൊസ് അർത്ഥമാക്കിയതെങ്കിലും.

5-E. ഒന്ന് കൊരിന്ത്യർ 13:8-13 വ്യക്തമാക്കുന്നത് അത്ഭുത വരങ്ങൾ നിന്നുപോകാം എന്നാണ്. അതിൽ കൂടുതലായി, വാക്യം 13 സൂചിപ്പിക്കുന്നത് അത്ഭുതവരങ്ങളുടെ സ്വഭാവത്തിന് വിരുദ്ധമായി നീണ്ടുനില് ക്കുന്ന ഗുണങ്ങളാണ് വിശ്വാസവും, പ്രത്യശയും. **വിശ്വാസവും പ്രത്യാശയും**

**നിലനില്ക്കുന്നതിനു മുൻപ്** അത്ഭുതവരങ്ങൾ നിന്നുപോകണം. യേശു ക്രിസ്തു വീണ്ടും വരുമ്പോൾ, വിശ്വാസവും പ്രത്യാശയും നിന്നു പോകു മെന്നതുകൊണ്ട് (വിശ്വാസം കാഴ്ച്ചപ്പാടായി തീരുകയും പ്രത്യാശ യാഥാർത്ഥ്യമായി തീരുകയും ചെയ്യുന്നു), യേശു വരുന്നതിനു മുൻപു അത്ഭുതവരങ്ങൾ നിന്നുപോകണം. യേശുവിനു വേണമെങ്കിൽ ഇന്നു മട ങ്ങിവരാം; അങ്ങനെയാണെങ്കിൽ (അതെ), ഇന്ന് നമുക്ക് അത്ഭുതവരങ്ങൾ ഉണ്ടാകയില്ല. പ്രത്യേകിച്ച്, പൗലൊസ് പറഞ്ഞതു താല്ക്കാലികവും അപൂർണ്ണവുമായതു (വരങ്ങൾ) സ്ഥിരമായതും പൂർണ്ണമായതും ("തിക വുള്ളത്") വരുമ്പോൾ "പൂർണ്ണം" എന്നതു ഗ്രീക്കു തർജ്ജിമ ചെയ്തതു നപുംസകമായിട്ടാണ്, തർജ്ജിമ ചെയ്യാവുന്നത്. "പൂർണ്ണം [അല്ലെങ്കിൽ തികഞ്ഞ] വസ്തു എന്നാണ്." അതേ ഗ്രീക്ക് വാക്കാണ് യാക്കൊബ് 1:25-ൽ സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ പ്രമാണം എന്നു പറഞ്ഞിരിക്കുന്നത്. താല്ക്കാ ലികവും അപൂർണ്ണവുമായിരുന്ന വെളിപ്പാട് പൂർണ്ണവും സ്ഥിരവുമായ പുതിയ അത്ഭുതകരമായ വെളിപ്പാടിനാൽ നിയമത്തിൽ പുന:സ്ഥാപിക്ക പ്പെട്ടിരിക്കുന്നു.

**ഉപസംഹാരം**

ചിലർ ഇന്നു ''നിർവൃതിയിൽ സംസാരിക്കൽ'' നടത്തുന്നുണ്ട് എന്നതു ഞാൻ നിഷേധിക്കുന്നില്ല, അതായതു, ബുദ്ധിഹീനമായ വാക്കു കളുടെ ഒഴുക്ക് അവരുടെ ചുണ്ടിൽ നിന്നു വരുന്നതു, ചിലരിൽ അവ രുടെ മന:സാക്ഷിയുടെ നിർദ്ദേശം കൂടാതെയാണ്. ഞാൻ നിഷേധിക്കു ന്നത് ഇന്നു സംഭവിക്കുന്നത് പുതിയ നിയമത്തിൽ സംഭവിച്ചതുപോലെ യാണെന്നു പറയുന്നതിനെയാണ്, അതും അങ്ങനെ സംഭവിക്കുന്നതു പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആണെന്നും. ''അന്യഭാഷയിൽ സംസാരം: ഒരു താരതമ്യം" എന്നതുനോക്കുക.

ഇന്നത്തെ മിക്ക "അന്യ - ഭാഷക്കാരും" അവരുടെ "വരം" (അല്ലെ ങ്കിൽ അതുപോലെയുള്ളത്) മന:ശാസ്ത്രപരമായി പ്രലോഭിപ്പിക്കുന്നതാ ണെന്ന് അവർ സമ്മതിക്കണം. കൂടാതെ, അന്യ - ഭാഷാ "വരം" ക്രിസ്ത്യാ നികൾ എന്നവകാശപ്പെടുന്ന മറ്റുവിഭാഗങ്ങളിലും തെറ്റു വിശ്വസിച്ച് പരി ശീലിക്കുന്നുണ്ടെന്ന് അവർ വിശ്വസിക്കണം. മറ്റൊന്ന്, അന്യദേവന്മാരെ വണങ്ങുന്നവരും "അന്യഭാഷാ" പരിശീലനം നടത്തുന്നുണ്ടെന്ന് അവർ സമ്മതിക്കണം. തീർച്ചയായും, അവർ കരുതുന്നത് *അവർക്കു* മാത്രമേ ദൈവത്തിൽ നിന്നുള്ള *വാസ്തവമായ* വരം ലഭിച്ചിട്ടുള്ളു, മറ്റുള്ളവർക്കില്ല എന്നാണ്. *എല്ലാവരും*, എങ്ങനെയായാലും, ഒരേ പുസ്തകമാകുന്ന ബൈബിൾ മുഖേനയാണ് വിധിക്കപ്പെടുന്നത്.

ഇന്നത്തെ ''അന്യ - ഭാഷാ'' സംസാരം മന:ശാസ്ത്രപരമായി എങ്ങനെ പ്രലോഭിപ്പിക്കുമെന്ന് വിശദീകരിക്കുന്ന ധാരാളം പുസ്തകങ്ങൾ എന്റെ ഗ്രന്ഥശേഖരത്തിൽ ഉണ്ട്. ഇന്നത്തെ ''അന്യ - ഭാഷാ'' രീതികൾ അത്ഭുതകരമായി വരുന്ന*തല്ല* എന്നു പറയുന്ന ഒരു പുസ്തകം - ബൈ ബിളും - എന്റെ കയ്യിലുണ്ട്. തീർപ്പ് വാസ്തവമെന്ന് ഞാൻ ഉറച്ചു വിശ്വ സിക്കുന്നു.

| അന്യഭാഷയിൽ സംസാരം | | | | | |
|---|---|---|---|---|---|
| | 1.<br>മർക്കൊസ്<br>16:14-20<br>"പുതുഭാഷ" ഒരു | 2.<br>പ്രവൃത്തികൾ 1; 2<br>"അന്യഭാഷാ" | 3.<br>പ്രവൃത്തികൾ<br>10; 11<br>"ഭാഷകൾ" | 4.<br>പ്രവൃത്തികൾ<br>19:1-7<br>"ഭാഷകൾ" | 5.<br>1 കൊരിന്ത്യർ<br>12-14<br>"വിവിധ ഭാഷ കൾ" |
| **A.<br>എന്ത്?** | ഒരു<br>വാഗ്ദാനം | അതാതുസമയത്തെ<br>ഭാഷകൾ<br>പ്രവൃത്തികൾ 2:4, 6,<br>8, 11 | റിച്ചിട്ടില്ലാത്ത<br>ഭാഷകൾ<br>പ്രവൃത്തികൾ 11:15,<br>17; 10:46 | | |
| **B.<br>ആർക്ക്?** | വിശ്വസിച്ച<br>ചിലർക്ക് | അപ്പൊസ്തല<br>ന്മാർക്ക്<br>പ്രവൃത്തികൾ 1:2-5,<br>26; 2:1-4, 7, 14, 37 | ആദ്യജാതി പരി<br>വർത്തകർ<br>പ്രവൃത്തികൾ 11:8,<br>18 | 12 ശിഷ്യന്മാർ | കൊരിന്തിൽ<br>ചിലർക്ക് |
| **C.<br>എങ്ങനെ<br>കിട്ടി?** | | പരിശുദ്ധാത്മ<br>സ്നാനം<br>പ്രവൃത്തികൾ 1:5;<br>2:1-4 | പെന്തെകൊസ്തി<br>ലേതു പോല | അപ്പൊസ്തലന്മാരുടെ<br>കൈവെപ്പ് ലഭിച്ചവർ<br>പ്രവൃത്തികൾ 19:6<br>(8:18 ഉം നോക്കുക) | "ആത്മാവു<br>മുഖേന"<br>(വിശദീകരിച്ചില്ല) |
| **D.<br>എന്തിന്** | വചനം ഉറപ്പി ക്കുന്ന<br>"അടയാളം"<br>മർക്കൊസ് 16:17, 20 | അവർ സംസാരി<br>ച്ചതു സത്യമാണെന്ന<br>അടയാളം<br>പ്രവൃത്തികൾ 2:33 | ദൈവം ജാതികളെ<br>സ്വീകരിച്ചതിന്റെ അട<br>യാളം പ്രവൃത്തികൾ<br>10:44-48; 11:18 | | അവിശ്വാസി<br>കൾക്ക്<br>"അടയാളം"<br>1 കൊരിന്ത്യർ<br>14:21-25 |
| **E.<br>എത്രത്തോളം?** | എത്രത്തോളം<br>വിഷം<br>കഴിക്കാമോ<br>മർക്കൊസ് 16:18 | അഗ്നിജ്വാല പോലെ<br>യുള്ള നാവും കാറ്റും<br>ഉള്ളേടത്തോളം<br>പ്രവൃത്തികൾ 2:1-4 | ദൂതൻ പ്രത്യക്ഷപ്പെട്ട്<br>ദർശനം നല്കുന്നതു<br>വരെ പ്രവൃത്തികൾ<br>10:3, 11 | പ്രവചനം ഉള്ളേട<br>ത്തോളം (ശ്വാസിയ<br>വെളിപ്പാട്)<br>പ്രവൃത്തികൾ 19:6 | "പൂർണ്ണമായതു"<br>വരുന്നതുവരെ<br>1 കൊരിന്ത്യർ 13:8-13 |

## അന്യഭാഷയിൽ സംസാരം

### ഒരു താരതമ്യം

| # | പുതിയ നിയമകാലത്ത് | ഇന്ന് |
|---|---|---|
| 1. | അവർ പഠിച്ചിട്ടില്ലാത്ത *ഭാഷ.* | പൊതുവിൽ *ശബ്ദങ്ങളുടെ* ശേഖരം “നിർവൃതി ശബ്ദങ്ങൾ” എന്നു വിളിക്കുന്നു. |
| 2. | അർത്ഥം യോഗ്യമാകുന്ന *ആനുകാലിക* ഭാഷ. | ചിലപ്പോൾ ആധുനിക ഭാഷാശകലങ്ങളോ അല്ലെങ്കിൽ ചില “മറന്ന ഭാഷകൾ” എന്നും. |
| 3. | ഒരു വ്യാഖ്യാനം മാത്രം സാദ്ധ്യം. | പലപ്പോഴും “വ്യാഖ്യാനങ്ങൾ” മാറും. |
| 4. | ഊന്നൽ *പരസ്യ* പ്രദർശനത്തിന്. | ഉപയോഗം *രഹസ്യധ്യാനത്തിന്* ഊന്നൽ. |
| 5. | *പക്വതയുമായോ* ആത്മികവർദ്ധന യുമായോ ബന്ധമില്ല. | പക്വതയിലേക്ക് വളരുന്നതിന്റെ അടയാള മായും വലിയ പക്വതയുടെ അടയാളമായും ഊന്നൽ കൊടുക്കുന്നു. |
| 6. | സംസാരിക്കുന്നയാൾ ദൈവത്തിനു - സംസാരിക്കുന്നു എന്ന തെളിവിലും. | ദൈവം സ്വീകരിക്കുന്നതിന്റെ തെളിവായി പരിഗണിക്കു ന്നു. |
| 7. | അടിസ്ഥാനമായി *മറ്റുള്ളവർക്കുള്ള* “അടയാളം.” | *സ്വയം* ആയ ഒരു “അടയാളം.” |
| 8. | വചനത്തെ ഉറപ്പിക്കുന്നതിനായിരുന്നു. | ആളുകളെ ബൈബിളിലുള്ള വസ്തുനിഷ്ഠ മായ അധി കാരത്തിൽ നിന്നു വിഷയാധി കാരത്തിലേക്കു നയിക്കു ന്നു. |
| 9. | ദൈവത്തിൽ നിന്നുള്ള - പ്രത്യേക അടയാളം. | ശാരീരികമായി പ്രലോഭിപ്പിക്കുന്നു. |
| 10. | അക്രൈസ്തവർക്കു പകർത്താ - വുന്നതല്ല. | തെറ്റായ വിഭാഗങ്ങളിൽ, അന്യദേവന്മാരെ നമസ്ക്കരി ക്കുന്നവരിൽ “നിർവൃതി ശബ്ദങ്ങൾ” കാണാം. |
| 11. | എല്ലാവരും അന്യഭാഷയിൽ സംസാരിക്കുന്ന ഊന്നലില്ല. | എല്ലാവരേയും ഈ “വരം” അന്വേഷിക്കാൻ പറയും. |
| 12. | സഭായോഗങ്ങളിൽ ഉപയോഗി - ക്കേണ്ട പ്രത്യേക നിർദ്ദേശ ങ്ങൾക്ക് വ്യാഖ്യാനി ഉണ്ടെങ്കിൽ മാത്രം: ഓരോരുത്ത നായി കുറ ച്ചുപേർ മാത്രം, സ്ത്രീകളാരും സംസാരിക്കുന്നില്ല,തുടങ്ങിയവ. | പലപ്പോഴും, പുതിയ നിയമ നിർദേശങ്ങൾ. |
| 13. | *താല്ക്കാലികമായി* പ്രത്യേക ഉദ്ദേശ - ത്തിന് - *നിന്നുപോകേണ്ടതും.* | ക്രിസ്തീയ യുഗത്തിൽ ദൈവത്തിന്റെ *സ്ഥിരപദ്ധതി യായി* പരിഗണിക്കുന്നു. |
| 14. | ഊന്നിപറഞ്ഞിട്ടില്ല. | വലിയ ഊന്നൽ കൊടുത്തിരിക്കുന്നു. |